# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമങ്ങൾ.

വിഷയം - ആ.വ.ഡ - ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 1/1/2009 മുതൽ 31/12/2013 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ സീനിയോറിറ്റി നിശ്ചയിച്ച് നൽകിയതിലെ അപാകത പരിഹരിക്കുന്നതിനായി ശ്രീമതി. രാജിമോൾ ആർ. നൽകിയ അപേക്ഷ പരിഗണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന - (1) 10.2.2017 ലെആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/2218/17 നംപർ കത്ത്.

(2) ആലപ്പുഴ ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ 27.7.2012 ലെ ARII (3) 1324/2011 നംപർ നിയമന ശുപാർശ.

(3) ആലപ്പുഴ ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ 1.11.2012 ലെ നിയമന ശുപാർശ.

(4) ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറുടെ 4.12.2012ലെ എ2/10460/2012 നംപർ ഉത്തരവ്.

(5) 26.6.2015ലെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ ഇ.എസ്2/88500/2014 നംപർ ഉത്തരവ്.

## ഉത്തരവ് നം.ഇ.എസ്2-88500/2014/ആ.വ.ഡ/തീയതി.19/01/2018.

ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ 1/1/2009 മുതൽ 31/12/2013 വരെയുള്ള കാലയളവിലെ സിനിയോറിറ്റി പട്ടികയിൽ സീനിയോറിറ്റി പട്ടികയിൽ സീനിയോറിറ്റി നിശ്ചയിച്ച് നൽകിയതിലെ അപാകത പരിഹരിക്കുന്നതിനായി ശ്രീമതി. രാജിമോൾ ആർ. നൽകിയ അപേക്ഷ സൂചന (1) പ്രകാരം അയച്ചു നൽകിയിരിക്കുന്നു.

ശ്രീമതി. രാജിമോൾ ആർ.ന് സൂചന 2 പ്രകാരം ആദ്യം പഞ്ചായത്ത് ഡിപ്പാർട്ട്മെൻറിലേക്ക് അഡ്വൈസ് ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത വകുപ്പിൽ ഒഴിവ് ഇല്ലാതിരുന്നതിനാൽ ടിയാന് നിയമനം ലഭിച്ചിരുന്നില്ല. തുടർന്ന് സൂചന 3 പ്രകാരമുള്ള നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലേക്ക് അഡ്വൈസ് ലഭിക്കുകയും സൂചന 4 പ്രകാരമുള്ള ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമനഉത്തരവിൻെറ അടിസ്ഥാനത്തിൽ 17.12.2012ൽ സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തു.

സൂചന 5 പ്രകാരം ഉള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കിയപ്പോൾ കെ.എസ്. & എസ്. ആർ ചട്ടം പ്രകാരം ടിയാൻെറ ആദ്യത്തെ അഡ്വൈസ് തീയതി ആയ 27.07.2012 വച്ച് സീനിയോറിറ്റി നിശ്ചയിക്കേണ്ടതിന് പകരം രണ്ടാമത്തെ അഡ്വൈസ് തീയതിയായ 1.11.2012 വച്ച് സീനിയോറിറ്റി നിശ്ചയിച്ച് 313 റാങ്കനമ്പർ നൽകുകയും ചെയ്തു.

മേൽപ്പറഞ്ഞ അപാകത പരിഹരിച്ചുകൊണ്ട് ടിയാൻെറ പി.എസ്.സി.യുടെ ആദ്യത്തെ അഡ്വൈസ് തീയതിയായ 27/7/2012 വച്ച് സീനിയോറിറ്റി പുനർ നിർണ്ണയിച്ച് 271 (എ) നൽകുവാനും സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് നൽകിയിരുന്ന 313 നമ്പർ ഒഴിവാക്കുവാനും താൽകാലികമയി തീരുമാനിച്ച് സൂചന (6) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ ആരും തന്നെ ആക്ഷേപങ്ങൾ ഒന്നും സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ കായംകുളം താലൂക്ക് ആശുപത്രിയിലെ ക്ലാർക്ക് ശ്രീമതി. രാജിമോൾ ആർ. നെ ക്ലാർക്കുമാരുടെ 1/1/2009 മുതൽ 31.12.2013 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ടിയാൻെറ പി.എസ്.സി.യുടെ ആദ്യത്തെ അഡ്വൈസ് തീയതിയായ 27/7/2012 വച്ച് സീനിയോറിറ്റി പുനർ നിർണ്ണയിച്ച് 271 (എ) നൽകുവാനും സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് നൽകിയിരുന്ന 313 നമ്പർ ഒഴിവാക്കുവാനും താൽകാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

| SL No | Name | Pen No | Date of birth | Qualification | Date of Advice of PSC / Government order No & date of DHS/DMOH | Date of Joining | Date reckoned for seniority | Probation declared or not | Existing Rank No | New Rank No | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| 1 | Renju P.R | 697939 | 18.3.83 | BA | Goms No.134/12 & ED1/46204/12/DHS dtd 7/7/12 & A2/7256/12/DMOH IDKY dtd 20/7/12 | 26/7/12 | 20/7/12 | Yes | 271 | 271 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | Raji Moal R corrected as Raji Mol R | 159138 | 20.1.82 | B.com MOP 1/14 | Adv. No ARII (3) 1324/11/V/KPSC ALP dtd 27/7/12 Ad No AR II (3) 1324/II/KPSC ALPY dtd 1/11/12 + A2/10460/12 DMOH dtd 4/12/12 | 17/12/12 | 27/1/12 | Yes | 313 | 271A | |
| 3 | Praseetha V | 703595 | 20.5.76 | B.com MOP 1/13 L 1/14(H) | Ad No AR1(3) 147/05/(1) KPSC ALP dtd 31/7/12 & A2/11268/05/DMOH ALP dtd 14/9/12 | 1/10/12 | 31/7/12 | Yes | 272 | 272 | |

(ഒപ്പ്)
ശ്രീ. സി.എം. അജയമോഹൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) എല്ലാ സ്ഥാപന മേലധികാരികൾക്കും
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4) ഇ. ഡി സെക്ഷൻ.
5) ഫയൽ/കരുതൽ ഫയൽ.

// അംഗീകാരത്തോടെ //

സൂപ്രണ്ട്.